# ഗോവിന്ദഗീത

സി. വി. ഗോവിന്ദൻ



പണിമുടക്കം, ചകിരിക്കുഴികൾ, കുടിയിറക്കൽ, കുറ്റിപ്പുറംപാലം, നെല്ലുകുത്തുകാരി പാറുവിന്റെ കഥ, പുത്തൻ കലവും അരിവാളും - ഇടശ്ശേരിയുടെ എണ്ണപ്പെട്ട കവിതകളെപ്പറ്റി പറയുമ്പോൾ ഇങ്ങനെ ചില പേരുകളാണ് ആദ്യം മനസ്സിലെത്തുക. ബുദ്ധനും ഞാനും നരിയും, പൊട്ടിപുറത്ത് ശീവോതി അകത്ത്, വിവാഹസമ്മാനം എന്നിങ്ങനെ ചിലപേരുകളും വഴിയെ മനസ്സിലെത്തും. ഇടശ്ശേരിയെപ്പറ്റി പറഞ്ഞവരും എഴുതിയവരുമൊക്കെ തൊട്ടുകാണിച്ചതും ഇവയൊക്കെത്തന്നെയാവും. കൃഷിക്കാരന്റെ വേദനകളും, കാർഷികസമസ്യകളും കൈകാര്യം ചെയ്യുന്ന കവിതകൾ എഴുതപ്പെട്ട കാലത്തുതന്നെ ജനപ്രീതി നേടിയിട്ടുണ്ട്. ഉണ്ണിക്കൃഷ്ണനോട് എന്ന കവിത അത്രയൊന്നും ശ്രദ്ധിക്കപ്പെട്ടിട്ടില്ലെന്നു തോന്നുന്നു. ചില കവിതാപ്രേമികൾ അതിലെ വരികൾ മൂളിനടക്കുന്നത് കേട്ടിട്ടുണ്ട്. അതേപ്പറ്റി എന്തെങ്കിലും പറയേണ്ടിവന്നാൽ അവരും ഒഴിഞ്ഞുമാറും. പരാവർത്തനം ചെയ്യാനോ വ്യാഖ്യാനിക്കാനോകഴിയാത്തതെന്തോ, അതാണ് യഥാർത്ഥ കവിത എന്നൊരു നിർവ്വചനമുണ്ടല്ലോ, ഉണ്ണിക്കൃഷ്ണനോട് ആ വകുപ്പിൽ പെടും.

ഭക്തിയുടെ ചൂണ്ടൽ വിഴുങ്ങിയ ഭാഗ്യഹീനന്ന് മുക്തിയില്ലെന്ന് ഇടശ്ശേരി ആദ്യം തന്നെ പറഞ്ഞുവെച്ചിട്ടുണ്ട്. എന്നാൽ ഇടശ്ശേരി അത്തരം ഒരു ഭാഗ്യഹീനനാണെന്ന് അബദ്ധവശാൽപോലും ആരും പറയാനിടയില്ല. സമൂഹത്തിനോടും മനുഷ്യനോടുമാണ് തനിയ്ക്കെന്നും പ്രതിപത്തി. ഉണ്ണിക്കൃഷ്ണനോട് എന്ന കവിതയിൽ ഭക്തി ഉണ്ടെങ്കിൽ തന്നെ, അതൊടുക്കം ഭക്തിയല്ലാതായി മാറുന്നു. ഇടശ്ശേരിയ്ക്ക് ഏത് കാര്യത്തിലും തന്റേതായ ഒരു സമീപനരീതിയുണ്ട്.

സർവ്വശക്തന്റെ കാൽക്കീഴിൽ പടിഞ്ഞിരുന്ന് അദ്ദേഹത്തിന്റെ നിഗ്രഹാനുഗ്രഹങ്ങൾക്ക് കീഴ്പ്പെടുക എന്നതാണ് സാധാരണക്കാരന്റെ ഭക്തി. ഈശ്വരനുമായി സഖ്യം പ്രാപിയ്ക്കുന്ന ഒരു ഭക്തിയുണ്ട്. ഏതാണ്ട് ആ വകുപ്പിൽ പെടുന്നതാണ് ഇടശ്ശേരിയുടെ ഭക്തി. ആരോടും ഒന്നും കെഞ്ചാൻ തനിയ്ക്കാവില്ല. കരയാനും താൻ തയ്യാറല്ല. അധ്വാനിച്ച് വിയർക്കാനാണ്, കരഞ്ഞ് കാലം കളയാനല്ല, ഇടശ്ശേരിയ്ക്ക് താത്പര്യം.

വേർപ്പിൽ മുങ്ങിയ ദേഹമിന്നോളം മിഴിവാർക്കു
മുപ്പുനീരിനാൽ കഴുകീലാ ഞാൻ ...
(പൂജാപുഷ്പം)

ഇത്തരമൊരാൾക്ക് സഖ്യഭക്തിയല്ലാതെ മറ്റൊന്നും സ്വീകാര്യമാവില്ലല്ലോ.

ഉണ്ണിക്കൃഷ്ണനോട് എന്ന ശീർഷകം തന്നെ സ്വീകരിക്കാനെന്തേ? ശ്രീകൃഷ്ണനോട് എന്നതായിരുന്നില്ലേ, കുറേകൂടി നല്ലത്? ആയിരത്തോളം പേരുകൾ വേറെയുമുണ്ടല്ലോ. കൃഷ്ണൻ ആകർഷിയ്ക്കുന്നവനാണ്. ഇവിടെ ഉണ്ണികളെയാണ് ആകർഷിയ്ക്കുന്നത് - ശ്രീയേയോ രാധയേയോ അല്ല. ഭൂമീദേവിയുടെ ഉണ്ണികളായ സകലചരാചരങ്ങളേയും ആകർഷിയ്ക്കുന്ന ഒരു ശക്തിവിശേഷമാണ് ഇടശ്ശേരിയുടെ മനസ്സിലുള്ളത്. തലവാചകത്തിന്റെ അർത്ഥസാധ്യതയിൽ നിന്ന് തുടങ്ങുന്നു, ഈ കവിതയുടെ മികവ്.

എല്ലാപ്പോഴും ഈശ്വരനെ വിചാരിക്കാനോ നാമം ജപിയ്ക്കാനോ ഇടശ്ശേരിയ്ക്കു നേരമില്ല. പലതരം സൈ്വരക്കേടുകളും പ്രവർത്തനങ്ങളുമായി മല്ലടിച്ച് തളരുമ്പോൾ ഒരു ക്ഷണദർശനം സാധ്യമായി എന്ന് വരാം. തനിയക്കതുമതിതാനും. പഠിച്ചതെല്ലാം മറക്കുകയും, കാടനായി മാറുകയും ചെയ്താലേ, ഈശ്വരനെ അറിയാൻ കഴിയൂ. (പ്രകൃതിയ്ക്ക് അനുസരിച്ച് ജീവിയ്ക്കുന്നവനാണ് കാടൻ) പഠനം മനുഷ്യനെ പ്രകൃതിയിൽ നിന്ന് അകറ്റുന്നുവെന്ന് ഇടശ്ശേരി മറ്റു കവിതകളിലും നിരീക്ഷിച്ചിട്ടുണ്ട്.

‘നീ പോയ് പഠിച്ചുവരുമ്പോഴേയ്ക്കും
നിങ്ങളന്യോന്യം മറന്നിരിയ്ക്കും
പോയി നാമിത്തിരി വ്യാകരണം
വായിലാക്കീട്ടു വരുന്നൂ, മന്ദം
നാവിൽനിന്നപ്പോഴേ പോയ്ക്കഴിഞ്ഞൂ

നാനാജഗന്മനോരമ്യ ഭാഷ'
(പള്ളിക്കൂടത്തിലേയ്ക്ക് വീണ്ടും)

തത്വജ്ഞാനത്തിന്റെ വേരുകൾ പറിച്ചെടുത്ത് വെള്ളത്തിലിട്ട് വറ്റിച്ച് കുറുക്കി കുടിയ്ക്കുന്നത് യോഗികളാണ്. (രോഗികൾ?) ഈശ്വരനാകുന്ന കരിമ്പിന്റെ തണ്ട് കുടിച്ച് മധുരം നുണയാനാണ് കവിയ്ക്ക് താൽപ്പര്യം. ഈശ്വരൻ തലനാരിഴ കീറി പരിശോധിച്ചറിയാനുള്ളതല്ല; മുച്ചൂടും ആസ്വദിയ്ക്കാനുള്ള സൗന്ദര്യസങ്കൽപ്പമാണ്. ഈ പ്രകരണത്തിലെ കരിമ്പ് എന്ന പ്രയോഗവും പ്രസ്താവനയിലെ

'എന്റെ കരിമ്പിൻ തോപ്പിതു
മുച്ചൂടുംമുടിയരാസ്വാദിയ്ക്കട്ടെ
തണ്ടുപഴുത്തതിലൊന്നോ
രണ്ടോ നാളേയ്ക്കുനിന്ന് കുലകളിടും'

എന്ന വരികളും കൂട്ടിവായിച്ചാൽ നന്ന്.

പിന്നെ കവി കൃഷ്ണനെ കായാവിൻ കുഞ്ജത്തിലും കുയിലുകൾ കൂകുന്ന മാകന്ദശാഖിയിലും സന്ധ്യകളിലുമെല്ലാം കാണുന്നു. എങ്ങോപോയെന്ന് കരുതിയ കൃഷ്ണൻ തന്റെ ചുറ്റിലുമുണ്ടെന്ന് കവി തിരിച്ചറിയുന്നു. കൃഷ്ണൻ പ്രകൃതിയിലും പ്രകൃതി കൃഷ്ണനിലും കാണപ്പെടുന്നു.

'നിനക്കാവില്ലൊളിയ്ക്കാനി
പ്രപഞ്ചക്കാട്ടു ചോലയിൽ
തൊട്ടാൽ തൊട്ടതു നീലയ്ക്കും
നീലക്കല്ലാകകാരണം'

ഇടശ്ശേരിയ്ക്ക് മായാവാദം സ്വീകാര്യമല്ല. മായ എന്ന മാറാലമറകൊണ്ട് മറയാക്കാവുന്നതല്ല, മാധവന്റെ മുഗ്ദ്ധത.

കവി കൃഷ്ണന് സ്വീകാര്യനാവുന്നത് കൈയിൽ ചളിയും മാറത്ത് വിയർപ്പും ഉള്ളതുകൊണ്ടാണ്. ഈശ്വരസാക്ഷാത്കാരത്തിന്റെ വഴി അധ്വാനം തന്നെ. തമ്മിൽ പിണങ്ങിയും ശഠിച്ചും മുറിവേൽപ്പിച്ചും മുറുകെ പുണ്ടു നിൽക്കുന്ന തങ്ങൾക്ക് വേർപിരിയാനാവില്ലെന്ന് ഉറപ്പിച്ചുകൊണ്ട് കവിത നിർവ്വഹണത്തിലെത്തുന്നു. പ്രകൃതീശ്വരിയുടെ മുലപ്പാലിന് കൃഷ്ണനോടൊപ്പം കവിയും അർഹനാവുന്നു.

തന്നേയും ഈശ്വരനേയും ഒന്നായികാണുന്ന കാഴ്ചപ്പാട് അദ്വൈതമാണല്ലോ. അതിഗഹനമായ അദ്വൈത ദർശനവും കാവ്യസൗന്ദര്യവും ഈ കവിതയിൽ ഇണങ്ങി നിൽക്കുന്നു. താനും പ്രകൃതിയും ഒന്നാകുമ്പോൾ താൻ കൂടുതൽ കർമ്മനിരതനാവണം. നിഷ്കാമകർമ്മംതന്നെയാണ് നിഷ്കാമഭക്തി.

ഇടശ്ശേരി പറയുന്നത് ഈശ്വരഭക്തിയെക്കുറിച്ചല്ല; മനുഷ്യന്റെ കർമ്മസാധ്യതയെക്കുറിച്ചാണ്. ഭക്തി ഇവിടെ ഒരാവരണം മാത്രമാണ്. എല്ലാ പ്രസ്ഥാനങ്ങളും കാഴ്ചപ്പാടുകളും വിശ്വാസങ്ങളും സമീപനങ്ങളും മനുഷ്യനെ കൂടുതൽ കൂടുതൽ കർമ്മോത്സുകനാക്കണം. കാലഹരണപ്പെട്ട ആശയം, അതെത്ര മഹിതമായാലും, വലിച്ചെറിയാൻ ഇടശ്ശേരിക്ക് മടിയില്ല.

ഇടശ്ശേരിയുടെ ഓരോ കവിതയും അതിന്റെ പരമാവധി പൂർണ്ണതകൊണ്ട് സഫലമത്രെ. സന്ദേഹങ്ങളോ അവ്യക്തതളോ ഉണ്ടാവില്ല. ഒരേ സ്വഭാവത്തിൽ രണ്ട് കവിതകളും അദ്ദേഹമെഴുതിയിട്ടില്ല. ആത്മാനുകരണം പോലും ഇടശ്ശേരി സഹിക്കില്ല. പകർപ്പെഴുത്ത് ഇടശ്ശേരി എന്ന കവിയുടെ സ്വഭാവമല്ല. പുഴു പൂമ്പാറ്റയാവുന്നതുപോലെ, ഈ കവിതയിൽ ഭക്തി മാനുഷ്യകത്തിന്റെ ശക്തിയും സൗന്ദര്യവുമാകുന്നു.

ഇടശ്ശേരി വളരെക്കുറച്ച് മാത്രം ഉപയോഗിച്ച വൃത്തമാണ് അനുഷ്ടുപ്പ്. ഉപനിഷത്തുകളും പുരാണങ്ങളും എഴുതപ്പെട്ട ഈ വൃത്തത്തിൽ ശക്തിയും സൗന്ദര്യവും സമന്വയിക്കുന്നു.

ഈ കവിതയിലുടനീളം കാണപ്പെടുന്ന നർമ്മം ശ്രദ്ധിക്കപ്പെടണം. ഒരു നല്ല സുഹൃത്തുമായി സംസാരിയ്ക്കുമ്പോൾ അകളങ്കിതമായ നർമ്മഭാഷണം അന്തരീക്ഷത്തെ ഹൃദ്യമാക്കുമല്ലോ. മനസ്സിൽ നർമ്മത്തിന്റെ കാലാവസ്ഥ കാത്തുസൂക്ഷിയ്ക്കാൻ ഇടശ്ശേരിയ്ക്ക് എപ്പോഴും സാധിയ്ക്കും. ഇതൊന്നും വലിയ കാര്യമായി കാണുന്നില്ല എന്നാവാം അദ്ദേഹത്തിന്റെ ഭാവം.

കേശവൻ കേന്ദ്രമായ മറ്റൊരു കവിതകൂടിയുണ്ട് - പാൽക്കടൽ കടയുമ്പോൾ. കേശവന്റെ ബലോദ്ധതമുഷ്ടിയിൽ താനൊരായുധമായതിൽ കവി തൃപ്തി

പ്പെടുന്നു. ആ കവിതയിൽ സാധാരണയിൽനിന്ന് വ്യത്യസ്തമായി ഒരു പ്രാർത്ഥനയുണ്ട് 'ഇരുളിൽത്താഴുന്നിവനെത്താങ്ങിടുകെന്നുടയോനേ, വന്നൊരു കമഠം പോലെ'.

ജീവിതത്തിലും കവിതയിലും ഭാഷയിലും ഇടശ്ശേരിയുടെ മുഖമുദ്ര പൗരുഷമാണ്. ആത്മവിശ്വാസവും ഇച്ഛാശക്തിയുമാണ് പൗരുഷത്തെ വിവേകപൂർണ്ണമാക്കുന്നത്. രണ്ടും ഇടശ്ശേരിയുടെ കൈമുതലായിരുന്നു. 'വിടില്ല ഞാനീ രശ്മികളെ' എന്നത് അദ്ദേഹത്തിന്റെ പൗരുഷത്തിന്റെ കൈയൊപ്പാകുന്നു. സവിശേഷമായ സന്ദർഭത്തിൽ കരണീയമായതിനെപ്പറ്റി അദ്ദേഹത്തിനൊട്ടും ശങ്കയുണ്ടാവില്ല. കൃഷ്ണൻ കെട്ടുപൊട്ടിച്ച് പുറത്തുപോകില്ല എന്നത് അദ്ദേഹത്തിന്റെ ദൃഢവിശ്വാസമാണ്. ഇടശ്ശേരിയുടെ മാതൃകാപുരുഷനായ മാരുതിയുടെ ബലം സ്വന്തം ബലത്തെ സ്വയം തള്ളും ബലമാണല്ലോ. ആ ബലം കൊണ്ടാണ് കൃഷ്ണനെ മനസ്സിൽ കെട്ടിയിടാൻ കവിയ്ക്ക് കഴിഞ്ഞത്. കൃഷ്ണനാവട്ടെ, പ്രപഞ്ചം മുഴുവൻ പരന്നവനാണ്. ഇടശ്ശേരിയുടെ ആത്മബലം പ്രപഞ്ചബോധത്തോളം വളരുന്നു.

വിധിവിശ്വാസത്തിലൂടെ അകർമ്മണ്യതയെ പ്രോത്സാഹിപ്പിയ്ക്കുന്നുവെന്നതാണ് ഭക്തിയുടെ സാമാന്യതലം. മറ്റാരോ വലിയ്ക്കുന്ന ചരടിനൊത്ത് തുള്ളുക എന്നതാണ് ഓരോ വ്യക്തിയുടേയും നിയോഗം എന്നും കരുതപ്പെടുന്നു. ഭക്തിയുടെ ഈ തലം ഇടശ്ശേരിയ്ക്ക് സ്വീകാര്യമല്ല. ആത്മകർമ്മം ശരണം എന്ന കർമ്മവ്യഗ്രതയിലേയ്ക്ക് ഭക്തിയെ കവി അന്വയിപ്പിയ്ക്കുന്നു. ഇത് ഭക്തിയുടെ നിരാകരണമല്ലെങ്കിൽ, അതിന്റെ പുതിയ വ്യാഖ്യാനമെങ്കിലുമാണ്.

> 'എന്തോതിയാൽ നിൻ സ്തുതിയാ
> മറിവീലാദി കന്ദമേ'

എന്ന വരി നിന്റെ സ്തുതിയല്ലാതെ മറ്റൊന്നും പ്രപഞ്ചത്തിലില്ല എന്ന വെളിച്ചം തിരിച്ചറിയുന്നു. ഈ ആശയം, അദ്വൈതാചാര്യന്റെ എല്ലാ വാക്കും സ്തോത്രമാണെന്ന ( 'സ്തോത്രാണി സർവ്വാഗിരോ:') കാഴ്ച്ചപ്പാടിൽ ചെന്നു മുട്ടുന്നു.

യോഗേശ്വരനായ കൃഷ്ണനേയും ധനുർദ്ധരനായ പാർത്ഥനേയും (കർമ്മോത്സുകനായ മനുഷ്യനേയും) കൂട്ടിയിണക്കുന്നതിന്റെ ധന്യതയാണ് 'ഉണ്ണിക്കൃഷ്ണനോട്' എന്ന കവിതയുടെ ഫലശ്രുതി. അതിനാലിത് ഗോവിന്ദഗീതയാണ്. ●